# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 508 — 27/02/2018-ൽ മറുപടിക്ക്

### പുതിയ വൈദ്യുതോത്പാദന പദ്ധതികൾ

| | ചോദ്യം<br><br>ശ്രീ.അബ്ദുൽ ഹമീദ് പി. | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുതുതായി വൈദ്യുതോത്പാദന പദ്ധതികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് കേരള സംസ്ഥാന വൈദ്യുതി ബോർഡ് പുതുതായി ആരംഭിക്കുന്ന ജലവൈദ്യുതോത്പാദന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയും സൗരോർജ്ജമുപയോഗിച്ചുള്ള വൈദ്യുതി പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയും ചേർത്തിരിക്കുന്നു.<br>സംസ്ഥാനത്ത് കാറ്റിൽ നിന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.പൂവാർ കടൽത്തീരത്ത് 1 മെഗാവാട്ട് ശേഷി യുള്ള ചെറുകാറ്റാടിയന്ത്രങ്ങൾ (25 kw വരെയുള്ള) ഉപയോഗിച്ചുള്ള കാറ്റാടി പാടം.<br>2. കഞ്ചിക്കോട് 220 കെ.വി സബ് സ്റ്റേഷന് സമീപം 2.5mw ശേഷിയുള്ള കാറ്റാടി യന്ത്രം സ്ഥാപിക്കൽ.<br>3.കഞ്ചിക്കോട്ടെ നിലവിലുള്ള 9x225kw കാറ്റാടി പാടത്തിലെ 5 കാറ്റാടിയന്ത്രങ്ങൾ മാറ്റി പകരം 850 kw ശേഷിയുള്ള മൂന്നും, 600 kw ശേഷിയുള്ള രണ്ടും യന്ത്രങ്ങൾ സ്ഥാപിച്ച് സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്ന പദ്ധതി.<br>ഇതിനുപുറമേ കേരള സർക്കാരും NHPC-യും തമ്മിലുള്ള ഉടമ്പടിപ്രകാരം അഗളിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന 8 mw കാറ്റാടി പാടം ഇതു കൂടാതെ സ്വകാര്യ സംരംഭകർ |

| | | | |
|---|---|---|---|
| | | | വഴി 3 പദ്ധതികളിൽ നിന്നായി 27 mw-ഉം ടെൻഡർ വഴി 200 mw-ഉം സ്ഥാപിതശേഷി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>സ്വകാര്യമേഖലയുടെ സഹായത്തോടെ 'BOOT' അടിസ്ഥാനത്തിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ 30 വർഷത്തേക്ക് അനുവദിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 47.4 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.<br>പാലക്കാട് ജില്ലാ പഞ്ചായത്ത് മൂന്ന് പദ്ധതികളും തൃശ്ശൂർ കോർപ്പറേഷൻ നാല് പദ്ധതികളും ഇത്തരത്തിൽ നടപ്പിലാക്കാൻ ഏറ്റെടുത്തു കഴിഞ്ഞു.<br><br>അനെർട്ട് സൗരോർജ്ജ ശൃംഖലാബന്ധിത വൈദ്യുത പദ്ധതി വഴി 200 മെഗാവാട്ട് സൗര വൈദ്യുതോത്പാദനമാണ് അടുത്ത 1 വർഷം കൊണ്ട് ലക്ഷ്യമിടുന്നത്. ഇതിൽ 10 മെഗാവാട്ട് സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം അനെർട്ട് ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | ചെറുകിട വൈദ്യുത പദ്ധതികളുടെ സാധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ, ഇത്തരം സാധ്യതകൾ പരിശോധിക്കുമോ; | (ബി) | ചെറുകിട ജല വൈദ്യുത പദ്ധതികളുടെ സാധ്യത പഠനം നടത്തിയിട്ടുണ്ട്. |
| (സി) | പരിസ്ഥിതിക്ക് ദോഷം വരാത്ത വിധം, വെള്ളച്ചാട്ടങ്ങളെ വൈദ്യുതോല്പാദനത്തിനായി പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്ന് അറിയിക്കാമോ? | (സി) | പരിസ്ഥിതിക്ക് ദോഷം വരാത്ത വിധം വെള്ളച്ചാട്ടങ്ങളെ വൈദ്യുതോല്പാദനത്തിനായി പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഇത്തരത്തിലുള്ള നൂതന സംവിധാനം – കൃത്രിമമായി ച്ചുഴി സൃഷ്ടിച്ച് – വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽ കാഞ്ഞിരംപാറ വാർഡിൽ കാട്ടുവെട്ടിയിൽ 20 kW പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

508



**അനുബന്ധം 1**

**സംസ്ഥാനത്ത് നടപ്പിലാക്കുവാനായി ആവിഷ്കരിച്ചിരിക്കുന്ന പുതിയ ജലവൈദ്യുത പദ്ധതികൾ.**

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | ഉല്പാദനശേഷി (MU) |
|---|---|---|---|
| 1 | പെരുവണ്ണാമൂഴി | 6 | 24.7 |
| 2 | വടക്കേപ്പുഴ എക്സ്റ്റൻഷൻ | - | 0.7 |
| 3 | ചിന്നാർ | 24 | 76.45 |
| 4 | അപ്പർ ചെങ്കുളം | 24 | 53.22 |
| 5 | ലാഡ്രം | 3.5 | 12.13 |
| 6 | ഒലിക്കൽ | 5 | 10.26 |
| 7 | പൂവാരം തോട് | 3 | 5.88 |
| 8 | മാർമ്മല | 7 | 23.02 |
| 9 | ചെമ്പുകടവ് - III | 7.5 | 17.715 |
| 10 | മാങ്കുളം | 40 | 82 |
| 11 | പീച്ചാട് | 3 | 7.74 |
| 12 | വെസ്റ്റേൺ കല്ലാർ | 5 | 17.41 |
| 13 | മരിപ്പുഴ | 6 | 14.84 |
| 14 | വാളാംതോട് | 7.5 | 15.291 |
| 15 | ആനക്കയം | 7.5 | 22.83 |
| | **ആകെ** | **149** | **334..18** |

സെക്രട്ടറി

## സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പദ്ധതികളുടെ വിശദാംശം

| നം. | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | കരാർ തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | കോഴിക്കോട് (ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ) | 0.48 | 330.18 | വർക്ക ഓർഡർ നൽകിക്കഴിഞ്ഞു. |
| 2 | കണ്ണൂർ (ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ) | 0.67 | 512.50 | വർക്ക ഓർഡർ നൽകിക്കഴിഞ്ഞു |
| 3 | തെക്കൻ മേഖലയിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും കേന്ദ്രസർക്കാർ സ്ഥാപനങ്ങളുടേയും കെട്ടിടങ്ങളുടെ മുകളിൽ | 0.0575 | 40.595 | വർക്ക ഓർഡർ നൽകിക്കഴിഞ്ഞു |
| 4 | മലപ്പുറം (ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ) | 0.11 | 73.39 | പ്രൈസ് ബിഡ് തുറന്ന് കഴിഞ്ഞു. |
| 5 | കാസർഗോഡ് (ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ) | 0.195 | 173.22 | ടെക്കിനിക്കൽ ബിഡ് തുറന്ന് കഴിഞ്ഞു. |
| 6 | കളക്ടറേറ്റ് (9 കെട്ടിടങ്ങൾ) | 0.180 | 124.34 | ദർഘാസ് നടപടികൾ നടന്ന് കൊണ്ടിരിക്കുന്നു. |
| 7 | മെഡിക്കൽ കോളേജ് തിരുവനന്തപുരം (അധീനതയിലുള്ള കെട്ടിടങ്ങളുടെ മേല് ക്കൂരയിൽ) | 1.5 | 1100 | ഡി.പി.ആർ അനർട്ടിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതി ദർഘാസ് ചെയ്യുന്നതാണ്. |

| നം | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാ വാട്ട്) | ഇപ്പോഴത്തെ നിലവാരം |
|---|---|---|---|
| 1 | പീരുമേട്, ഇടുക്കി | 0.50 | നിർമ്മാണം പുരോഗമിക്കുന്നു. (2018-19 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) |
| 2 | ഏറ്റുമാനൂർ, കോട്ടയം | 1.00 | വെറ്റ് ലാന്റിൽ പണിചെയ്യാനുള്ള അനുവാദത്തിനുവേണ്ടി കാത്തിരിക്കുന്നു. |
| 3 | നെന്മാറ | 1.5 | വർക്ക് ഓർഡർ നൽകി (2018-19 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) |
| 4 | പൊന്നാനി, മലപ്പുറം | 0.50 | നിർമ്മാണം പുരോഗമിക്കുന്നു. (2018-19 പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു) |
| 5 | ജില്ലാ പഞ്ചായത്ത് കണ്ണൂർ (29 നം) | 0.67 | 2018-19 ൽ പൂർത്തീകരിക്കും |
| 6 | ജില്ലാ പഞ്ചായത്ത് കോഴിക്കോട് (44 നം) | 0.480 | 2018-19 ൽ പൂർത്തീകരിക്കും |
| 7 | ജില്ലാ പഞ്ചായത്ത് മലപ്പുറം (11 നം) | 0.110 | 2018-19 ൽ പൂർത്തീകരിക്കും |
| 8 | ജില്ലാ പഞ്ചായത്ത് കാസർഗോഡ് (3 നം) | 0.195 | 2018-19 ൽ പൂർത്തീകരിക്കും |
| 9 | ആറ്റിങ്ങൽ മുനിസിപ്പാലിറ്റി (2 നം) | 0.027 | 2018-19 ൽ പൂർത്തീകരിക്കും |
| 10 | സൗത്തിലെ ഗവൺമെന്റ് സ്ഥാപനങ്ങൾ (4 നം) | 0.057 | 2018-19 ൽ പൂർത്തീകരിക്കും |
| 11 | കൊട്ടിയം, കൊല്ലം | 0.60 | 2018-19 ൽ പൂർത്തീകരിക്കും |
| 12 | മയിലാട്ടി, കാസർഗോഡ് | 1.00 | 2018-19 ൽ പൂർത്തീകരിക്കും |
| 13 | മാടക്കത്തറ ചൂളിശ്ശേരി | 1.5 | 2018-19 ൽ പൂർത്തീകരിക്കും |
| 14 | കെ.എസ്.ഇ.ബി.എൽ ന്റെ അധീനതയിലുള്ള വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ | 1.12 | 2018-19 ൽ പൂർത്തീകരിക്കും |
| 15 | 8 സ്കൂൾ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ (ലാഭപ്രഭ സ്കീം പ്രകാരം) | 0.04 | 2018-19 ൽ പൂർത്തീകരിക്കും |
| | ആകെ | 9.299 | |

- ഇതിനു പുറമേ 200 മെഗാവാട്ട് സൗരോർജ്ജം റിവേഴ്സ് ബിഡ്ഡിംഗിലൂടെ വാങ്ങുന്നതിന് ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ